വയനാട് ജില്ലയിൽ ഒബ്സർവേഷൻ ഹോമിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ നടപടി

62 [1201] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഒബ്സർവേഷൻ ഹോമിനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടും കെട്ടിടം തുറന്ന് പ്രവർത്തിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് എപ്പോൾ പൂർത്തിയാക്കി തുറന്ന് കൊടുക്കാൻ കഴിയുമെന്ന് വെളിപെടുത്തുമോ?

ഉത്തരം

(എ, ബി) വയനാട് ഒബ്സർവേഷൻ ഹോമിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

കേരളത്തെ ഐ.ടി. ഡെസ്റ്റിനേഷനാക്കുന്നതിനുള്ള ശ്രമം

63 [1202] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഐ.ടി. ഡസ്റ്റിനേഷനാക്കി മാറ്റുന്നതിനുള്ള പ്രവർത്തനഫലം വെളിപ്പെടുത്താമോ;

(ബി) മിനി ടെക്നോപാർക്കുകളോ ഐ.ടി. ആപ്ലിക്കേഷൻ കേന്ദ്രങ്ങളോ സ്ഥാപിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നും ഇല്ലെങ്കിൽ എവിടെയെല്ലാം സ്ഥാപിക്കാൻ പദ്ധതി ആവിഷ്കരിച്ചു വരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) കൃഷി, ചെറുകിട വ്യവസായം, ഊർജ്ജ സംരക്ഷണം തുടങ്ങി ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു മാതൃകാ പരിപാടി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശ്യമുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഏറ്റവും ആകർഷകമായ ഒരു ഐ.ടി. പോളിസിയും ഇൻസെന്റീവ് പാക്കേജും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ടെക്നോപാർക്കിലും, കൊച്ചി ഇൻഫോ പാർക്കിലും ആഗോള നിലവാരത്തിലുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നൽകിവരുന്നു. കമ്പനികളെ ആകർഷിക്കുന്നതിനായി ഫലപ്രദമായ ബിസിനസ് പ്രൊമോഷൻ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇൻഫോസിസ് എന്ന കമ്പനി കേരളത്തിൽ നിക്ഷേപം നടത്താൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഐ.ടി.-യുടെ ഉപയോഗം വ്യാപകമാക്കുന്നതിനായി Bridging the Digital Divide (അക്ഷയ) Project മലപ്പുറം ജില്ലയിൽ വിജയകരമായി നടപ്പിലാക്കിവരുന്നു. സർക്കാർ വകുപ്പുകളുടെ/ഏജൻസികളുടെ വിവിധ സേവനങ്ങൾ ഒരു സ്ഥലത്തുനിന്നും

LIBRARY ARCHIVES Kerala Legislative Assembly